LIBRARY ARCHIVES Kerala Legislative Assembly

സ്കൂൾ ഭൂമി മറ്റ് ആവശ്യങ്ങൾക്കു വേണ്ടി വിൽക്കുന്നത്

53 (1089) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ സ്കൂൾ മാനേജർമാർ ലാഭകരമല്ലാത്ത സ്കൂളുകളുടെ ഭൂമി മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി വിൽക്കുന്നതിനായി സ്കൂൾ അടച്ച് പൂട്ടുന്നതിന് നോട്ടീസ് നൽകുന്ന പ്രവണത കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരള വിദ്യാഭ്യാസ ചട്ടം സെക്ഷൻ 7(6) പ്രകാരം സ്കൂൾ അടച്ച് പൂട്ടുവാനുള്ള അധികാരം മാനേജർമാർക്കുള്ളതാണ് ദുരുപയോഗം ചെയ്യുന്നതിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) സ്കൂൾ ഭൂമി മറ്റ് ആവശ്യങ്ങൾക്കു വേണ്ടി വിൽക്കുന്നത് നിരുത്സാഹപ്പെടുത്തിയും, വിദ്യാഭ്യാസ ചട്ടങ്ങളിലെ മാനേജർമാർക്കുള്ള അധികാരം നൽകുന്ന ബന്ധപ്പെട്ട വകുപ്പ് ഭേദഗതി ചെയ്യുന്നതിന് നിയമവകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) കേരള വിദ്യാഭ്യാസ നിയമത്തിലെ സെക്ഷൻ 7(6), കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം 5, ചട്ടം 24 എന്നിവ പ്രകാരമാണ് സ്കൂൾ അടച്ചുപൂട്ടുന്നതിന് മാനേജർമാർക്ക് അധികാരം നൽകിയിട്ടുള്ളത്. എന്നാൽ ഈ അധികാരം ദുരുപയോഗപ്പെടുത്തുന്ന സാഹചര്യത്തിൽ സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ഒഴിവാക്കാനാവാത്ത വ്യവസ്ഥയായി ഉൾക്കൊള്ളിക്കുന്നതിന് കേരള വിദ്യാഭ്യാസ നിയമത്തിലും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും ഭേദഗതി വരുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ ഹയർ സെക്കണ്ടറിയിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യത

54 (1090) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ ഹയർ സെക്കണ്ടറിയിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യത എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യത പരിശോധിക്കാൻ സംവിധാനം ഉണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി അദ്ധ്യാപക യോഗ്യത സംബന്ധിച്ച കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XXXII അനുശാസിക്കുന്ന യോഗ്യതകളാണ് അൺ എയ്ഡഡ് അദ്ധ്യാപകരുടെയും യോഗ്യത.

(ബി) ഉണ്ട്. ഇത്തരം ചുമതലകൾ നിറവേറ്റേണ്ടത് ഹയർ സെക്കണ്ടറി മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരോ ഹയർ സെക്കണ്ടറി ഡയറക്ടറോ ആണ്.

സ്കൂൾ പാചക തൊഴിലാളികളുടെ വേതനം

55 (1091) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ പാചക തൊഴിലാളികളുടെ വേതനം നൂറ് രൂപ വർദ്ധിപ്പിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ ;

(ബി) സർക്കാർ പ്രഖ്യാപിച്ച ഈ വേതന വർദ്ധനവ് സ്കൂൾ പാചക തൊഴിലാളികൾക്ക് ലഭ്യമാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇവരുടെ വേതനം അടിയന്തരമായി വർദ്ധിപ്പിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 260/2013/പൊ.വി. തീയതി 29-6-2013-വെ ഉത്തരവ് പ്രകാരം 2012-13 വർഷത്തിൽ പാചക തൊഴിലാളികളുടെ വേതനത്തിൽ 50 രൂപയുടെ വർദ്ധനവ് വരുത്തിയിരുന്നു. ആയത് 1-4-2014 മുതൽ 100 രൂപയായി വർദ്ധിപ്പിച്ച് നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly